**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 204** **16-09-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം താലൂക്ക് ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | പി.എം ജെ.വി.കെ പദ്ധതിയുടെ 2021-22 സാമ്പത്തിക വർഷത്തെ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ 33- ാ മത് എംപവേർഡ് കമ്മിറ്റി 'Construction of Advanced Medical Complex for Taluk Hospital (New Block) Malappuram' (972 ലക്ഷം രൂപ) പദ്ധതിക്ക് സമർപ്പിച്ച പ്രപ്പോസൽ പ്രകാരം GF+1 കെട്ടിടത്തിന് മുകളിൽ GF+4 എന്ന രീതിയിൽ നാല് നിലകളുടെ നിർമ്മാണത്തിനും അതോടോപ്പം എക്സ്റ്റൻഷനും അംഗീകാരം നൽകിയിട്ടുള്ളതും ആദ്യ ഗഡു തുക റിലീസ് അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ പദ്ധതിയുടെ ഭരണാനുമതി നൽകിയ നിർദ്ദിഷ്ട പ്ലാൻ-എസ്റ്റിമേറ്റിൽ നിന്നും ഒരു നില ഒഴിവാക്കുന്നതുൾപ്പെടെ, ആരോഗ്യ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് G+1 കെട്ടിടത്തിന് മുകളിൽ ഒരു നില ഇതിനകം പൂർത്തീകരിക്കുകയും ഒറ്റനില ഒഴിവാക്കി ബാക്കിയുള്ള 3, 4 നിലകളുടെ നിർമ്മാണ ത്തിനും എക്സ്റ്റൻഷനുമായി 972 ലക്ഷം രൂപയുടെ റിവൈസ്ഡ് പ്രൊപ്പോസൽ സംസ്ഥാനതല സമിതിയുടെ അംഗീകാര ത്തിനായി സമർപ്പിക്കുവാൻ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ നിന്നും ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല സമിതി യോഗം ചേർന്ന് പുതിയ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാലതാമസത്തിനുള്ള കാരണം എന്താണ്; വിശദമാക്കാമോ; | (ബി) | സംസ്ഥാന തല സമിതി ചേർന്നിട്ടില്ല. പുതിയ പ്രപ്പോസലുകൾ പരിഗണിക്കുന്ന സമയത്ത് ഇതിനകം അനുവദിച്ച പദ്ധതികളിലെ ഇത്തരം റിവിഷനുകളും പരിശോധിക്കുന്നതാണ്. പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ഇതുവരെ അനുവദിച്ച പ്രോജക്ടുകൾക്ക് റിലീസ് ലഭിച്ച തുകയുടെ 75% ഫണ്ട് വിനിയോഗിച്ചാൽ മാത്രമാണ് പുതിയ പ്രോജക്ടുകൾ പരിഗണിക്കാനാകുന്നത്. ഇപ്പോൾ റിലീസ് ലഭിച്ച തുകയുടെ 75% ഫണ്ട് വിനിയോഗിക്കുകയും മുൻപ് സംസ്ഥാനതല സമിതി പരിഗണിച്ച പ്രൊപ്പോസലുകൾ കേന്ദ്ര ന്യൂനപക്ഷ |

| | | | |
|---|---|---|---|
| | | | മന്ത്രാലയത്തിന്റെ നിർദ്ദേശ മനുസരിച്ച് അപ് ലോഡ് ചെയ്തു നല്കിയിട്ടുമുണ്ട്. |
| (സി) | മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജില്ലാ ആസ്ഥാനത്തെ ഏക സർക്കാർ ആശുപത്രി എന്ന നിലയിൽ ജില്ലയിൽ ഒരു ജനറൽ ആശുപത്രി ഇല്ല എന്ന കാര്യം പരിഗണിച്ച് മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ? | (ഡി) | മലപ്പുറം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം തുടങ്ങുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ നിലവിലില്ല. പി.എം.ജെ.വി.കെ ഫണ്ട് ഉപയോഗിച്ച് പുതിയ അഡ്വാൻസ് മെഡിക്കൽ കോംപ്ലക്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഡയാലിസിസ് കേന്ദ്രം തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ